വ്യാജ റസിഡൻഷ്യൽ സർട്ടിഫിക്കറ്റുകൾ സംബന്ധിച്ച കേസ്

47 (1790) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാജ റസിഡൻഷ്യൽ സർട്ടിഫിക്കറ്റുകൾ ഉണ്ടാക്കിയത് സംബന്ധിച്ച് ശ്രീ. മുഹമ്മദ് ഹനീഫ പാലാട്ട് പരാതിക്കാരനായി തൃശ്ശൂർ എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് മുമ്പാകെ സമർപ്പിച്ച 2010-ലെ സി.എം.പി. 182-ാം നമ്പർ കേസിൽ പരാതി സംബന്ധിച്ച് വിജിലൻസ് ഡയറക്ടർ പ്രാഥമികാന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കോടതി ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) ഏത് തീയതിക്കകം റിപ്പോർട്ട് നൽകണമെന്നാണ് കോടതി ആവശ്യപ്പെട്ടതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഉത്തരവിൻപ്രകാരം വിജിലൻസ് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വിശദമാക്കുമോ ;

(ഡി) പ്രസ്തുത റിപ്പോർട്ട് വൈകുന്നതിന് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ;

(ഇ) പ്രസ്തുത കേസിൽ എത്രയും പെട്ടെന്ന് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 8-3-2010-നകം.

(സി-ഇ) ടി കോടതി ഉത്തരവ് 10.12.2010-ൽ മാത്രമാണ് വിജിലൻസ് ഡയറക്ടർക്ക് ലഭിച്ചത്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒരു വിജിലൻസ് അന്വേഷണം നടത്തി എത്രയും പെട്ടെന്ന് റിപ്പോർട്ട് സമർപ്പിക്കുവാൻ മലപ്പുറം വിജിലൻസ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

പരാതിയിന്മേൽ നടപടി സ്വീകരിക്കുന്നതിൽ പോലീസ് അനാസ്ഥ

48 (1791) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഭ്യന്തര വകുപ്പുമന്ത്രിയുടെ കുറിപ്പോടുകൂടി നൽകുന്ന അപേക്ഷകളിൽപോലും പോലീസ് യഥാസമയം യാതൊരു നടപടികളും കൈക്കൊള്ളുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly